"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

वसुधैव कुटुम्बकम्
ONE EARTH • ONE FAMILY • ONE FUTURE

സംഗ്രഹം

മത്സ്യബന്ധന തുറമുഖ വകുപ്പ് - ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിന് രണ്ട് ഡി.ജി.പി.എസ് വാങ്ങുന്നതിന് ടെണ്ടർ അംഗീകരിച്ച് പർച്ചേസ് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

മത്സ്യബന്ധന തുറമുഖ (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.120/2024/F&P തീയതി,തിരുവനന്തപുരം, 26-02-2024

പരാമർശം:-
1. 04/11/2023 ലെ സ.ഉ(സാധാ)നം.879/2023/മതുവ നമ്പർ ഉത്തരവ്.
2. 22/01/2024 ലെ സ.ഉ(സാധാ)നം.40/2024/മതുവ നമ്പർ ഉത്തരവ്
3. ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ് ചീഫ് ഹൈഡ്രോഗ്രാഫറുടെ 30/01/2024 തീയതിയിലെ എച്ച് എസ് വിംഗ്/370/20232ബി1 നമ്പർ കത്ത്.
4. 09/02/2024 തീയതിയിൽ ചേർന്ന വകുപ്പുതല പർച്ചേസ് കമ്മിറ്റി യോഗ തീരുമാനം.

ഉത്തരവ്

പരാമർശം (1) പ്രകാരം രണ്ട് ഡി.ജി.പി.എസ് വാങ്ങുന്നതിനായി 50 ലക്ഷം രൂപയുടെ ഭരണാനുമതി ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗത്തിനു നൽകി ഉത്തരവു പുറപ്പെടുവിച്ചു.

2.പ്രസ്തുത ഭരണാനുമതി പ്രകാരം ഇ-ടെണ്ടർ ക്ഷണിക്കുകയും ടെണ്ടറിൽ 1) Pan India Consultant Pvt Ltd, 2) Roorkee Industries, 3) Janak Positioning & Surveying Pvt Ltd എന്നീ സ്ഥാപനങ്ങൾ പങ്കെടുത്തു. 6/12/2023-ന് കൂടിയ വകുപ്പുതല ടെക്കിക്കൽ കമ്മിറ്റി പ്രസ്തുത സ്ഥാപനങ്ങളുടെ ടെക്കിക്കൽ ബിഡുകൾ വിശദമായി പരിശോധിച്ചു. ഫിനാൻസ് ബിഡ് പ്രകാരം ഏറ്റവും കുറഞ്ഞ തുക വാഗ്ദാനം ചെയ്തിരിക്കുന്ന Pan India Conslultants Pvt Ltd. നെഗോഷ്യബിൾ റേറ്റായി 54,98,500/-രൂപയാണ് ക്വാട്ട് ചെയ്തിരുന്നത്.

3) പരാമർശം (2) പ്രകാരം 54,98,500/- രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവു പുറപ്പെടുവിച്ചു.

4) ഫിനാൻസ് ബിഡ് പ്രകാരം ഏറ്റവും കുറഞ്ഞ തുക വാഗ്ദാനം ചെയ്തിരിക്കുന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം ചീഫ് ഹൈഡ്രോഗ്രാഫർ പർച്ചേസ് കമ്മിറ്റിയോഗം ചേരുന്നതിന് പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

5) വകുപ്പുതല പർച്ചേസ് കമ്മിറ്റി യോഗം 9/02/2024 തീയതിയിൽ ചേർന്ന് ചീഫ് ഹൈഡ്രോഗ്രാഫർ സമർപ്പിച്ച പ്രപ്പോസൽ വിശദമായി പരിശോധിച്ചു. വകുപ്പുതല പർച്ചേസ് കമ്മിറ്റി യോഗത്തിന്റെ ശിപാർശ പരിഗണിച്ച് ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗത്തിന് രണ്ട് ഡി.ജി.പി.എസ് വാങ്ങുന്നതിനായി ടെണ്ടറിൽ ഏറ്റവും കുറഞ്ഞ തുക 54,98,500/-

രൂപ(നെഗോഷ്യബിൾ റേറ്റ്) (അൻപത്തി നാല് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) വാഗ്ദാനം ചെയ്തിട്ടുള്ളതും, സ്പെസിഫിക്കേഷനുകൾ പാലിച്ചിട്ടുള്ളതുമായ Pan India Consultants Pvt Ltd.ന്റെ ടെണ്ടർ അംഗീകരിച്ച് പർച്ചേസ് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗിരിജ കുമാരി.ജി
അഡിഷണൽ സെക്രട്ടറി

ചീഫ് ഹൈഡ്രോഗ്രാഫർ, ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
സ്റ്റോഴ്സ് പർച്ചേസ് വകുപ്പ്
പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Anitha R S
Date: 27-02-2024 10:18:13
സെക്ഷൻ ഓഫീസർ